ചന്ദനമോഷണം തടയാൻ നടപടി

18 (1328) ശ്രീ. പി. സി. ജോർജ് :
ശ്രീ. വി. കെ. സി. മമ്മത്കോയ :
ശ്രീ. ടി. കെ. ദേവകുമാർ :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റവന്യൂ ഭൂമികളിലെ ചന്ദനമരങ്ങൾ വൻതോതിൽ കളവ് പോകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അത് തടയുന്നതിന് എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ചില ജില്ലകളിൽ ചില ഒറ്റപ്പെട്ട കേസ്സുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ചന്ദനമരങ്ങൾ കളവ് പോകുന്നത് തടയാൻ പോലീസിനും വനം വകുപ്പിനും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. റവന്യൂ വകുപ്പും ജാഗ്രത പാലിക്കുന്നുണ്ട്. കേരള ഭൂ സംരക്ഷണ നിയമപ്രകാരം ചന്ദനമോഷണ കേസ്സുകളിൽ നടപടി സ്വീകരിച്ചുവരുന്നു.

അനധികൃതമായി ഈടാക്കിയ തുക തിരിച്ച് നൽകുന്നതിന് നടപടി

19(1329) ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. സി. മൊയിൻകുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജനസേവന കേന്ദ്രത്തിൽ തുക അടച്ചിട്ടും അതേ വർഷങ്ങളിലെ ഭൂനികുതി തിരുവനന്തപുരം കടകംപള്ളി വില്ലേജിൽ അടയ്ക്കേണ്ടി വന്നത് സംബന്ധിച്ച പരാതി മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും 18-9-2002-ലെ 19084/സി.എം./2002 നമ്പരായി തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അയച്ചുകൊടുത്തതിൻമേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പരാതിക്കാരിൽ നിന്നും അനധികൃതമായി ഈടാക്കിയ തുക ഇതിനകം തിരികെ നൽകിയോ ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ ;

(സി) അധികമായി വസൂലാക്കിയ തുക പരാതിക്കാരന് തിരികെ നൽകിയില്ലെങ്കിൽ ആയത് നൽകുന്നതിനുവേണ്ട നടപടിയെടുക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly